പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2523

18/02/2016-ലെ
മറുപടിയ്ക്ക്

## പട്ടികജാതി സഹകരണ സംഘങ്ങൾ

| ചോദ്യം<br>ശ്രീ.വി.ചെന്താമരാക്ഷൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി മേഖലയിലെ സഹകരണ സ്ഥാപനങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ കമ്മീഷനെ നിയമിക്കുമെന്ന പ്രഖ്യാപനം നടപ്പിലായോ; വിശദാംശം അറിയിക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യുടെ നിർദ്ദേശ പ്രകാരം ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. പട്ടികജാതി മേഖലയിലെ സഹകരണ സ്ഥാപനങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ കമ്മീഷനെ നിയമിക്കുമെന്ന പ്രഖ്യാപനം സംബന്ധിച്ച വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |
| (ബി) | പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; | (ബി) | പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെയും പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രാപ്തനായ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുവാനാണ് പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. റിപ്പോർട്ടിൻമേൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പട്ടികവർഗ്ഗ വികസന ഡയറക്ടർ, സഹകരണ സംഘം രജിസ്ട്രാർ, മാനേജിംഗ് ഡയറക്ടർ, പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ എന്നിവരുടെ അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | എന്തുകൊണ്ടാണ് പട്ടികജാതി സഹകരണ സംഘങ്ങൾ തകർച്ചയിലേക്ക് പോകുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്കായി ലഭ്യമാകുന്ന ധനസഹായം ശരിയായ രീതിയിൽ വിനിയോഗിക്കാത്തതും, ഭരണ സമിതിയുടെ കെടുകാര്യസ്ഥതയും സഹകരണ വകുപ്പിന്റെ മേൽനോട്ടക്കുറവും, വിദ്യാഭ്യാസ യോഗ്യതയുള്ളവരും യുവാക്കളും ഉണ്ടെങ്കിലും അവർ സംഘം പ്രവർത്തനങ്ങളിലും ഭരണ സമിതികളിലും ഭാഗമാക്കാതിരിക്കുന്നതുമാണ് സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണമായിട്ടുള്ളതെന്നാണ് റിപ്പോർട്ടിൽ പരാമർശിച്ച് കാണുന്നത്. |

**സെക്ഷൻ ഓഫീസർ**

**<u>പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സഹകരണ വകുപ്പിൽ നിന്ന് മാറ്റി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കു കീഴിൽ കൊണ്ടു വരണമെന്ന കേരള ദളിത് ഫെഡറേഷന്റെ നിവേദനത്തിന്മേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടതനുസരിച്ച് പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ട്</u>**

പട്ടികജാതി പട്ടിക വർഗ ക്ഷേമ പ്രവർത്തനങ്ങൾ ഹരിജനക്ഷേമ വകുപ്പിനു കീഴിൽ തുടങ്ങിയ അവസരത്തിൽ സഹകരണ സംഘങ്ങളുടെ പ്രസക്തി വളരെ പ്രധാനപ്പെട്ടതായിരുന്നു. പട്ടിക വിഭാഗങ്ങളുടെ സാമ്പത്തികോന്നമനം ലക്ഷ്യമാക്കി സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും സഹകരണ ഇൻസ്പെക്ടർമാരെ നിയമിക്കുകയും സഹകരണ ചട്ട പ്രകാരമുള്ള അധികാരങ്ങൾ ഹരിജനക്ഷേമ ഡയറക്ടർക്ക് ലഭ്യമാക്കുകയും ചെയ്തിരുന്നു. കാലക്രമേണ വകുപ്പിന്റെ പ്രവർത്തനം വിദ്യാഭ്യാസം, വികസനം, ക്ഷേമം തുടങ്ങിയ മേഖലകളിൽ കേന്ദ്രീകരിക്കുകയും അതിൽ കൂടുതൽ വ്യാപൃതമാവുകയും ചെയ്തു. അതോടെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം G.O.(Ms) 47/65/RD dated 20.01.1965 പ്രകാരം സഹകരണ വകുപ്പിന് കീഴിലേക്ക് കൈമാറുകയും ചെയ്തു.

സംസ്ഥാനത്താകെ സഹകരണ വകുപ്പിന് കീഴിൽ 747 പട്ടികജാതി സഹകരണ സംഘങ്ങളും, 103 പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളും ഉണ്ടെന്നാണ് സഹകരണ സംഘം രജിസ്ട്രാറിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു പഠന റിപ്പോർട്ട് പ്രകാരം 669 പട്ടികജാതി സഹകരണ സംഘങ്ങളും, 102 പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളും ആണ് ഉള്ളത്. സഹകരണ രജിസ്ട്രാറിന്റെ ഭരണ നിയന്ത്രണത്തിലല്ലാതെ ക്ഷീരവികസനം, ഫിഷറീസ്, വ്യവസായം, കയർ, കൈത്തറി തുടങ്ങിയ വകുപ്പുകൾക്കു കീഴിലും ഖാദി ബോർഡിനു കീഴിലും സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

3/7

ഈ നിവേദനവുമായി ബന്ധപ്പെട്ട് സംസ്ഥാന സഹകരണ വകുപ്പിന് കീഴിൽ ഇത്തരം സംഘങ്ങളുടെ പ്രവർത്തനത്തിന് മേൽനോട്ടവും ചുമതലയും നിർവ്വഹിക്കുന്ന സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുമായി ഞാൻ ചർച്ച നടത്തി. ഈ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് വേണ്ടിയുള്ള പഠനത്തിനും പുനരുദ്ധാരണ പദ്ധതികൾ തയ്യാറാക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്ന സ്ഥാപനത്തെ സഹകരണ വകുപ്പ് ചുമതലപ്പെടുത്തിയിരുന്നതായും അവർ പഠന റിപ്പോർട്ട് തയ്യാറാക്കിയതായും ചർച്ചയിൽ മനസ്സിലായി. കോ ഓപ്പറേറ്റീവ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠന റിപ്പോർട്ടും വിവിധ വകുപ്പുകൾക്ക് കീഴിലുള്ള സംഘങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ശേഖരിച്ച വിവരങ്ങളും ഈ റിപ്പോർട്ടിന് ആധാരമാക്കിയിട്ടുണ്ട്.

ഭൂരിഭാഗം പട്ടിക വിഭാഗ സഹകരണ സംഘങ്ങളും പ്രവർത്തന രഹിതമോ നിർജ്ജീവാവസ്ഥയിലോ ആണെന്നാണ് രജിസ്ട്രാറുടേയും ഇൻസ്റ്റിറ്റ്യൂട്ടിന്റേയും റിപ്പോർട്ടുകളിൽ നിന്നും ബോധ്യമാവുന്നത്. അതുകൊണ്ടു തന്നെ എണ്ണത്തിൽ വന്നിട്ടുള്ള വ്യത്യാസം പ്രസക്തമല്ല. സഹകരണ രജിസ്ട്രാറുടെ കണക്കനുസരിച്ച് 747 ൽ 327 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നതായിട്ടുള്ളത്. അതിൽ തന്നെ 75% ഉം നാമമാത്രമായ പ്രവർത്തനം മാത്രമേ നടത്തുന്നുള്ളൂ. പട്ടികവർഗ്ഗ സംഘങ്ങളിൽ 56 എണ്ണം മാത്രമാണ് പേരിനെങ്കിലും പ്രവർത്തിക്കുന്നത്. സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട് പ്രകാരം പ്രവർത്തനം നിലച്ചുവരുന്ന പട്ടികജാതി പട്ടിക വർഗ സംഘങ്ങളുടെ തോത് ഓരോ വർഷം കഴിയുന്തോറും വർദ്ധിച്ചു വരികയാണ്. 2006 മുതൽ 2010 വരെ ഉള്ള കണക്ക് ഇപ്രകാരമാണ്.

| വർഷം | പ്രവർത്തനം നിലച്ച സംഘങ്ങളുടെ ശതമാനം |
|---|---|
| 2006 | 29% |
| 2007 | 38% |
| 2008 | 41% |
| 2009 | 46% |
| 2010 | 47% |

ഭൂരിഭാഗം സംഘങ്ങൾക്കും സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്കായി ധനസഹായം ലഭ്യമായിട്ടുണ്ടെങ്കിലും, ലഭ്യമായ ധനസഹായങ്ങൾ ശരിയായ രീതിയിൽ വിനിയോഗിക്കാത്തതിനാൽ അവയ്ക്കൊന്നും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതിയുടെ കെടുകാര്യസ്ഥതയും സ്ഥിരം ജീവനക്കാരുടെ അഭാവവും അംഗങ്ങളുടെ താൽപര്യക്കുറവും, വകുപ്പുകളുടെ മേൽനോട്ടക്കുറവും ഈ അവസ്ഥയ്ക്ക് കാരണമാക്കിയെന്നാണ് സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാറുടെ വിലയിരുത്തൽ.

എക്കാലവും സർക്കാരിൽ നിന്നുള്ള സഹായത്തോടെ പ്രവർത്തിക്കാമെന്ന "ആശ്രിതത്വജ്വരം" ബാധിച്ചതും, പ്രവർത്തന പരിധിയിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരും യുവാക്കളും ഉണ്ടെങ്കിലും അവർ സംഘം പ്രവർത്തനങ്ങളിലും ഭരണസമിതികളിലും ഭാഗഭാക്കാകാതിരിക്കുന്നതും മറ്റു കാരണങ്ങളായി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനത്തിലും കണ്ടെത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ പട്ടികജാതി പട്ടിക വർഗ്ഗ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായ കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ പ്രവർത്തനവും ആശാവഹമായ രീതിയിലല്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. 1981 ൽ പ്രവർത്തനം ആരംഭിച്ച ഫെഡറേഷന്റെ 2009-10 ലെ ലാഭനഷ്ടക്കണക്ക് പരിശോധിച്ചപ്പോൾ **6.56** കോടി രൂപയിലധികം നഷ്ടത്തിലാണെന്നാണ് ബോധ്യമായത്. സർക്കാർ നൽകുന്ന സഹായം ഫെഡറേഷൻ വകമാറ്റി ചെലവഴിക്കുന്നതായും അത്തരം വീഴ്ചകൾക്കെതിരെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

പൊതു സമൂഹത്തോടൊപ്പം പട്ടികജാതി ജനവിഭാഗങ്ങളും അവരുടെ സംഘങ്ങളും ഉയരുകയും വളരുകയും ചെയ്യുമെന്നായിരുന്നു രൂപീകരണവേള യിലെ പ്രതീക്ഷ. പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് എല്ലാ പ്രോത്സാഹനവും പ്രത്യേക പരിലാളനവും ഉറപ്പാക്കി സംഘങ്ങളുടെ പ്രവർത്തനം വിജയിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ഓരോ അസിസ്റ്റന്റ് രജിസ്ട്രാർമാരും, രജിസ്ട്രാറുടെ ആഫീസിൽ ഒരു ജോയിന്റ് രജിസ്ട്രാറും പ്രത്യേകം പ്രവർത്തിക്കുന്നു. എന്നാൽ ഈ ഉദ്യോഗസ്ഥർ സംഘങ്ങളുമായി ആത്മ ബന്ധം പുലർത്തുന്നതിലും ഫലപ്രദമായ മേൽനോട്ടവും ഏകോപനവും നടത്തു ന്നതിലും വിജയിച്ചില്ല. പട്ടികജാതി വികസന വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരം സംഘങ്ങൾ തങ്ങളുടെ നിയന്ത്രണത്തിലുള്ളതല്ലെന്ന കാരണത്താൽ സംഘം പ്രവർത്തനങ്ങളിൽ നിന്നും, സംഘാംഗങ്ങളിൽ നിന്നും അകന്നു നിൽക്കുകയും ചെയ്തു. അതോടെ ഇത്തരം സംഘങ്ങൾ ദിശാബോധമില്ലാതെയും ചുമതലാ ബോധമില്ലാതെയും നിർജ്ജീവങ്ങളായി.

പ്രവർത്തകരും പ്രവർത്തന ധനവും ഇല്ലാതെ ഇരുവകുപ്പുകളോടും ആഭി മുഖ്യമില്ലാതെയും കേവലം ഭാരവാഹിത്വവും വോട്ടവകാശവും നിലനിർത്തുന്ന തിനും ഏതെങ്കിലും തരത്തിൽ ലഭ്യമാവുന്ന സർക്കാർ സഹായം വിനിയോഗിക്കു ന്നതിനുള്ള ഉപകരണങ്ങളുമായി ഇത്തരം സംഘങ്ങൾ നിലകൊണ്ടു. കാലാനു സൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനോ അതനുസരിച്ച പദ്ധതികൾ ആവി ഷ്കരിക്കുന്നതിനോ അർഹതയുള്ളവർക്ക് അംഗത്വം നൽകുന്നതിനോ പട്ടിക വിഭാഗങ്ങളുടേയോ, പൊതുസമൂഹത്തിന്റേയോ വിശ്വാസമോ, അംഗീകാരമോ ആർജ്ജിക്കാനോ ഈ സംഘങ്ങൾക്ക് കഴിഞ്ഞില്ല. സഹകരണ വകുപ്പ് ഉദ്യോഗ സ്ഥർ ഇത്തരം കാര്യങ്ങളിലൊന്നും ശ്രദ്ധിച്ചിരുന്നുമില്ല.

ഈ സാഹചര്യത്തിൽ പ്രവർത്തനത്തിലും പ്രവർത്തകരിലും ആത്മവിശ്വാസം വളർത്തുകയും അതിനനുസൃതമായ കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്താൽ മാത്രമേ ഈ സംഘങ്ങളിൽ രക്ഷപ്പെടാൻ സാധ്യതയുള്ളവയെങ്കിലും രക്ഷപ്പെടൂ. ഒട്ടും വൈകാതെ തന്നെ അതിനുള്ള നടപടികളും ഉണ്ടാവണം. തുടക്കം മുതലുള്ള ഓരോ നടപടിയും ഈ വിഭാഗത്തിന്റെ വിശ്വാസവും അവർക്ക് സംഘങ്ങളോടുള്ള കടപ്പാടും ആത്മബന്ധവും ഉറപ്പിക്കുന്ന വിധത്തിലും ഉള്ളതാവണം.

അതിനായി സംഘങ്ങളുടെ പ്രവർത്തനത്തിൽ പട്ടിക വിഭാഗങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി പ്രത്യേകം പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെന്ന നിലയിൽപട്ടികജാതി വികസന വകുപ്പിനും ഉദ്യോഗസ്ഥർക്കും കാര്യമായ പങ്കാളിത്തവും സ്വാധീനവും ഉറപ്പാക്കുന്ന നടപടികൾ തുടങ്ങണം. അത്തരം നടപടികൾ പട്ടികവിഭാഗങ്ങൾക്ക് സംഘത്തോട് നല്ല രീതിയിൽ ആഭിമുഖ്യം പുലർത്തുവാൻ പ്രചോദനം നൽകും. വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങൾക്കുമൊപ്പം സംഘങ്ങളേയും ബന്ധിപ്പിക്കാനാവും. പഞ്ചായത്ത് തോറും ലഭ്യമായിട്ടുള്ള പ്രൊമോട്ടർമാരുടെ പങ്കാളിത്തവും ഇടപെടലും ഇതുവഴി പ്രയോജനപ്പെടുത്താനാവും. പട്ടികവിഭാഗ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് സഹകരണ സംഘങ്ങളുമായി ബന്ധപ്പെടുത്തി സജീവമാക്കാനും കഴിയും. സംഘങ്ങളുടെ പ്രവർത്തനത്തിലും നിയന്ത്രണത്തിലും വകുപ്പിന് ചുമതല ലഭിക്കുന്നതോടെ വകുപ്പ് തലത്തിൽ ലഭ്യമാവുന്ന എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള സമ്പത്തും സൗകര്യങ്ങളും സംഘം പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയും.

മത്സ്യതൊഴിലാളി, വ്യവസായ, കയർ ഖാദി, ക്ഷീര, നാളികേര മേഖലകളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് ആതാത് വകുപ്പുകളിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കാറുണ്ടെങ്കിലും പട്ടികജാതി സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി സഹകരണ വകുപ്പിൽ നിന്ന് വേണ്ടത്ര സാമ്പത്തിക സഹായവും ലഭ്യമാക്കാറില്ല.

പട്ടികജാതി സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പിൽ നിന്നും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന പരിമിതമായ സാമ്പത്തിക സഹായം പോലും സംഘങ്ങളുടെ പുരോഗതിക്കായി ഉപയോഗിക്കുന്നതിനു പകരം മറ്റു പല കാര്യങ്ങൾക്കുമായി വകമാറ്റി വിനിയോഗിക്കുന്നുവെന്ന ആക്ഷേപവും നിലവിലുണ്ട്.

മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ മത്സ്യത്തൊഴിലാളി, വ്യവസായ, കയർ, ഖാദി, ക്ഷീര, നാളികേര മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ അതാത് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുപോലെ പട്ടികജാതി സഹകരണ സംഘങ്ങളുടെ പ്രവർത്തനം പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നത് ആവശ്യമായി തീർന്നിരിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന്റെ പ്രവർത്തനത്തിൽ ഗുണകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ പര്യാപ്തമായ വിധത്തിൽ പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനവും ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

പട്ടികജാതി സഹകരണ സംഘങ്ങളുടെ ഭരണപരമായ നിയന്ത്രണം പട്ടികജാതി വികസന വകുപ്പിൽ കൊണ്ടുവന്നതിനു ശേഷം ഈ സംഘങ്ങളുടെ പ്രവർത്തന നിയന്ത്രണത്തിനായി ഇപ്പോൾ നിയോഗിച്ചിരിക്കുന്ന സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ തുടരാൻ അനുവദിക്കാവുന്നതാണ്.

ഇപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയോഗിക്കപ്പെടുന്ന സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഭരണപരമായ നിയന്ത്രണം അതാത് ജില്ലാ പട്ടികജാതി വികസന ആഫീസറിൽ നിക്ഷിപ്തമാക്കുകയും അവരുടെ ആഫീസ് ജില്ലാ പട്ടികജാതി വികസന ആഫീസിന്റെ ഭാഗമായി പ്രവർത്തിപ്പിക്കുകയും ചെയ്യാവുന്നതാണ്.

NO: 702/2013/O-CM,

കാലക്രമത്തിൽ സഹകരണ ചട്ടപ്രകാരമുള്ള അധികാരങ്ങൾ പട്ടികജാതി വികസന വകുപ്പ് ഉദ്യോഗസ്ഥർക്ക് നിശ്ചയിച്ചു നൽകുന്ന മുറയ്ക്ക് അവർക്ക് ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്. ചട്ടപ്രകാരമുള്ള ഓഡിറ്റിന് സഹകരണ വകുപ്പിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

27 JUL 2013

സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ സംഘങ്ങളുടെ പ്രവർത്തനം പഠിച്ച് കർമ്മപരിപാടി തയ്യാറാക്കുന്നതിനും, സംഘങ്ങളുടെ അപ്പെക്സ് ബോഡിയായ ഫെഡറേഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദവും വ്യാപകവും ആക്കുന്നതിനും, അന്തിമമായി എല്ലാ സംഘങ്ങളേയും ഫെഡറേഷന്റെ പരിധിയിൽ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനും പ്രൊഫഷണലിസം ലഭ്യമാക്കുന്നതിനും അടക്കമുള്ള കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രാപ്തനായ ഒരാളെ സ്പെഷ്യൽ ആഫീസറായി നിയോഗിച്ച് രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതും അതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ഡയറക്ടർ

പിന്നാക്ക സമുദായ വികസന വകുപ്പ്

തിരുവനന്തപുരം

19.07.2013

PS1 In (Secy ST DD) pl examine and put up within a week

23/7/13

OOMMEN CHANDY
Chief Minister
Kerala

ഉമ്മൻ ചാണ്ടി

OFFICE OF THE CHIEF MINISTER
KERALA
THIRUVANANTHAPURAM